(ബി) സഹകരണ ബാങ്കുകളിലുള്ള നിക്ഷേപം ഇപ്പോൾ എത്ര കോടി രൂപയാണ്; ഇത് 2011 മാർച്ച് 31-ന് എത്രയായിരുന്നു വ്യക്തമാക്കുമോ;

(സി) സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി എത്രകോടി രൂപയാണ്; 2011 മാർച്ച് -31 ന് എത്രയായിരുന്നു;

(ഡി) വായ്പേതര സഹകരണ സ്ഥാപനങ്ങൾ എത്ര കോടി രൂപ സഹകരണ ബാങ്കിന് കുടിശ്ശികയാക്കിയിട്ടുണ്ട്; അവ ഏതൊക്കെ സ്ഥാപനങ്ങളാണെന്നും എത്ര കോടി രൂപയാണ് കുടിശ്ശിക വരുത്തിയതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-3-2015-ലെ കണക്ക് പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന്റെ കിട്ടാക്കടം 3.92 കോടി രൂപയും ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം 189.92 കോടി രൂപയുമാണ്. 2011 മാർച്ച് 31-ന് ഇത് യഥാക്രമം 3.94 കോടി രൂപയും 84.05 കോടി രൂപയുമായിരുന്നു.

(ബി) 31-12-2015-ലെ കണക്ക് പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപം 6366.56 കോടി രൂപയാണ്. ജില്ലാ സഹകരണ ബാങ്കുകൾക്ക് ടി തീയതിയിൽ 45876.25 കോടി രൂപ നിക്ഷേപമുണ്ട്. 2011 മാർച്ച് 31-ന് ഇത് യഥാക്രമം 5205. 44 കോടി രൂപയും 19232.77 കോടി രൂപയുമായിരുന്നു.

(സി) സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 31-03-2015-ലെ കണക്ക് പ്രകാരം 557.78 കോടി രൂപയാണ്. 2011 മാർച്ച് 31-ന് ഇത് 414.55 കോടി രൂപയായിരുന്നു.

(ഡി) 30-9-2015-ലെ കണക്ക് പ്രകാരം പത്ത് വായ്പേതര സഹകരണ സ്ഥാപനങ്ങൾ സംസ്ഥാന സഹകരണ ബാങ്കിന് കുടിശ്ശികയാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പേരും കുടിശ്ശിക സംബന്ധിച്ച വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു*.

കേരള കർഷക കടാശ്വാസ കമ്മിഷൻ ഉത്തരവിന് വിരുദ്ധമായി ബാങ്കുകൾ സ്വീകരിക്കുന്ന നടപടികൾ

113 (498) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കടാശ്വാസ കമ്മീഷന്റെ ഉത്തരവു പ്രകാരം കമ്മിഷൻതീർപ്പു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൽപ്പിക്കുകയും അതുപ്രകാരം കമ്മിഷൻനിശ്ചയിച്ച തുക സഹകരണ ബാങ്കുകളിൽ അടച്ചു തീർക്കുകയും ചെയ്തതിന് ശേഷവും പല കാരണങ്ങൾ കാണിച്ച് വായ്പക്കാരുടെ പ്രമാണങ്ങൾ ബാങ്കുകൾ തിരിച്ചു നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള കർഷക കടാശ്വാസ കമ്മീഷന്റെ 2007 ലെ നിയമത്തിന് വിരുദ്ധമായി പ്രവൃത്തിക്കുന്ന ഇത്തരം സഹകരണ ബാങ്കുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) കേരള കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവിന് വിധേയമായി വായ്പക്കാരന്റെ വിഹിതം, സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് ലഭ്യമായ ശേഷവും വായ്പക്കാരുടെ ഈട് പ്രമാണങ്ങൾ തിരിച്ച് നൽകാത്തത് സംബന്ധിച്ച വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവിന് അനുസൃതമായി വായ്പക്കാരൻ അടയ്ക്കേണ്ട വിഹിതം അടച്ചുകഴിഞ്ഞാൽ സർക്കാർ വിഹിതത്തിനായി കാത്തിരിക്കാതെ ഈട് പ്രമാണങ്ങൾ തിരികെ നൽകണമെന്ന സർക്കാർ/സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശത്തിനെതിരെ ചില സഹകരണ സംഘങ്ങൾ/ബാങ്കുകൾ സർക്കാരിനും ഈ വകുപ്പിനും നിവേദനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. നബാർഡ് റീഫിനാൻസ് പ്രകാരം പ്രവൃത്തിക്കുന്ന കാർഷിക ഗ്രാമ വികസന ബാങ്കുകൾ വായ്പാ ഈടായി സ്വീകരിച്ചിട്ടുള്ള പ്രമാണങ്ങൾ സർക്കാർ വിഹിതം കൂടി ലഭിച്ച ശേഷമേ തിരികെ നൽകാൻ കഴിയൂ എന്നതാണ് സംഘങ്ങളുടെ നിലപാട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭാവിയിലെന്തെങ്കിലും കടാശ്വാസം ലഭിച്ചാലും തിരിച്ചടവ് (മുതലും പലിശയും) പൂർണ്ണമായതിന് ശേഷമേ നബാർഡ് റീഫിനാൻസ് പ്രകാരമുള്ള വായ്പ വാങ്ങുന്നവർക്ക് പ്രമാണം തിരികെ ലഭിക്കൂ എന്ന കാര്യം അപേക്ഷകരെ ബോധ്യപ്പെടുത്തണമെന്നും ഇതിലേയ്ക്കായി വായ്പയ്ക്ക് കടാശ്വാസം ലഭിച്ചാലും തുക പൂർണ്ണമായും അടച്ച് തീരുന്നതുവരെ (സർക്കാർ വിഹിതവും കർഷകന്റെ വിഹിതവും ലഭിക്കുന്നതുവരെ) ഈട് പ്രമാണം തിരികെ ലഭിക്കുന്നതല്ലെന്ന് വായ്പാ വ്യവസ്ഥയിൽ പ്രത്യേകമായി ഉൾപ്പെടുത്തുവാൻ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് 19-11-2015-ലെ 32730/എജി.2/2012/കൃഷി നമ്പർ കത്ത് പ്രകാരം കൃഷി വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly